പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4299 | 21.07.2015 ൽ മറുപടിയ്ക്ക് |
|---|---|
| **നിയമനം നൽകുന്നതിന്റെ മാനദണ്ഡങ്ങൾ** | |
| ചോദ്യം | ഉത്തരം |
| ശ്രീ.പി.തിലോത്തമൻ | ഡോ.എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ മന്ത്രി) |
| (എ) അംഗൻവാടി ഹെൽപ്പർ, വർക്കർ തസ്തികകളിലേയ്ക്ക് നിയമനം നൽകുന്നതിന്റെ മാനദണ്ഡങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ; ഇതു സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) അംഗൻവാടി വർക്കർ ഹെൽപ്പർ തസ്തികകളിലേയ്ക്ക് നിയമനം നൽകുന്നതിന്റെ മാനദണ്ഡങ്ങൾ നിഷ്കർഷിച്ച് ചുവടെ ചേർക്കുന്ന സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.<br>1. 22.10.2008 - ലെ സ.ഉ(എം.എസ്) നം 58/2008/സാക്ഷേമ<br>2. 30.01.2012 -ലെ സ.ഉ(എം.എസ്) നം 05/2012/സാക്ഷേമ<br>3. 22.12.2012 - ലെ സ.ഉ(എം.എസ്) നം 74/2012/സാനീവ.<br>4. 01.02.2013 - ലെ സ.ഉ(എം.എസ്) നം. 10/2013/സാനീവ.<br>5. 07.06.2013 - ലെ സ.ഉ(എം.എസ്) നം. 46/2013/സാനീവ.<br><br>പ്രസ്തുത സർക്കാർ ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) പ്രസ്തുത തസ്തികകളിലേയ്ക്ക് നിയമിക്കപ്പെടുന്നതിന് സെലക്ഷൻ ലിസ്റ്റ് നിലവിലുള്ളപ്പോൾ വിരമിച്ച ജീവനക്കാരെ തന്നെ നിയമിക്കണമെന്ന് കോടതി നിർദ്ദേശിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ബി) ഡബ്ല്യു.എ നം. 1179, 1465, 1571, 1528, 1460, 1459/2010 എന്നീ കേസുകളിന്മേലുള്ള ബഹു.ഹൈക്കോടതിയുടെ 29.10.2010 ലെ ഉത്തരവു പ്രകാരം അങ്കണവാടി ജീവനക്കാർ വിരമിക്കുന്ന ഒഴിവിൽ സ്ഥിര നിയമനം നടത്തുന്നതുവരെ താല്കാലിക ജീവനക്കാരെ നിയമിക്കുന്നതിനു പകരം വിരമിച്ച ജീവനക്കാർ ശാരീരികമായും മാനസികവുമായി ജോലി ചെയ്യാൻ ശേഷിയുള്ളവരാണെങ്കിൽ പ്രസ്തുത |

| | |
|---|---|
| | ജീവനക്കാരെത്തന്നെ നിയോഗിക്കേണ്ടതാണെന്ന് ബഹു.കോടതി നിർദ്ദേശിച്ചിട്ടുണ്ട്. |
| (സി) പ്രസ്തുത സെലക്ഷൻ ലിസ്റ്റ് നിലവിലുള്ളപ്പോൾ വിരമിച്ച ജീവനക്കാരെ ത്തന്നെ കോടതിയുടെ ഉത്തരവ് പ്രകാരം നിയമിച്ചിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ; സെലക്ഷൻ ലിസ്റ്റിൽ ഉൾപ്പെട്ടവരെ നിയമനം നൽകി ഉടനെ പിരിച്ചുവിടുകയും വിരമിച്ച ജീവനക്കാരെ നിയമിക്കുകയും ചെയ്യുതായി പരാതികൾ ലഭിച്ചിട്ടുണ്ടോ;വിശദമാക്കുമോ? | (സി) വിവരം ശേഖരിച്ച് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ

ആനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്